**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1352** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ നവീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി മുഖേന കില എസ്.പി.വി. ആയി നടപ്പിലാക്കുന്ന ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ വിളവൂർക്കൽ, ഗവൺമെന്റ് എൽ.പി. സ്കൂൾ വിളപ്പിൽ എന്നീ സ്കൂളുകളിലെ നവീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി വിശദമാക്കാമോ; | (എ) | കിഫ്ബി മുഖേന കില എസ്.പി.വി. ആയി നടപ്പിലാക്കുന്ന വിളവൂർക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച് വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർ ലംഘനം നടത്തുകയും പ്രവൃത്തി ആരംഭിക്കുന്നതിന് വിമുഖത കാണിക്കുകയും ചെയ്തതിനാൽ കരാറിൽ നിന്നും ഒഴിവാക്കുന്നതിന് കില നോട്ടീസ് നൽകിയിരുന്നു. തുടർന്ന് കരാറുകാരനെ 02-08-2022 തീയതിയിൽ നേരിട്ട് കിലയുടെ ഓഫീസിൽ വിളിച്ചു വരുത്തി Risk & Cost ൽ കരാർ ഒഴിവാക്കുന്നതാണ് എന്ന വസ്തുത ബോധ്യപ്പെടുത്തുകയും കരാറുകാരൻ 29.08.2022 ന് പ്രവൃത്തി ആരംഭിക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും, കരാറുകാരൻ പ്രവൃത്തി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ റീ അറേഞ്ച് (Re-arrange) ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും കില അറിയിച്ചിട്ടുണ്ട്.<br><br>**വിളപ്പിൽ ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ നിർമ്മാണത്തിന് നിലവിലുള്ള കെട്ടിടം പൊളിച്ചു നീക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ യഥാസമയം സൈറ്റ് വിട്ട് (site handover) നൽകാൻ കഴിയാതെ വരുകയും ടെണ്ടർ നോട്ടീസിലെ Clause 3A പ്രകാരം കരാറുകാരന് യഥാസമയം പ്രവൃത്തി ആരംഭിക്കുന്നതിന് അവസരം ഒരുക്കിനൽകാൻ കഴിഞ്ഞില്ലെങ്കിൽ കരാറുകാരനുമായി ഒപ്പു വച്ച കരാർ ഉടമ്പടി അവസാനിപ്പിച്ച് കരാറുകാരന്റെ പെർഫോമൻസ് ഗ്യാരൻറി (Performance Guarantee) മടക്കി നൽകേണ്ടതാണ് എന്ന വ്യവസ്ഥ പ്രകാരം കരാറുകാരനെ ഒഴിവാക്കുന്നതിനു 5/4/22ൽ തീരുമാനിച്ചതായും തുടർന്ന് റീ ടെൻഡർ (re-** |

| | | | |
|---|---|---|---|
| | | | **tender) നടപടികൾ സ്വീകരിച്ചു വരുന്നതായും കില അറിയിച്ചിട്ടുണ്ട്.** |
| (ബി) | കുരുതംകോട് ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ നവീകരണത്തിനായി ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട്) തയ്യാറാക്കിയതിനു ശേഷം സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ? | (ബി) | 16.06.2022 തീയതിയിലെ സർക്കാർ ഉത്തരവ് നം.സ.ഉ(സാധാ) 3632/2022/ GEdn പ്രകാരം കുളത്തുമ്മൽ GHSS എന്ന പ്രവൃത്തിക്ക് പകരമായി കുരുതംകോട് ഗവൺമെന്റ് എൽ.പി. സ്കൂളിന് ഭരണാനുമതി നൽകുകയും എസ്.പി.വി (SPV) യായി കിലയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. ആയത് പ്രകാരം ഡിപിആർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കില സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ